പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2219** **14.06.2019-ൽ മറുപടിയ്ക്ക്**

## ഹീമോഫീലിയ രോഗബാധിതർക്ക് ജീവൻരക്ഷാ മരുന്നുകൾ

| **ചോദ്യം**<br>ശ്രീ.വി.എസ്.ശിവകുമാർ | | **മറുപടി**<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | രോഗബാധിതർക്ക് വരുമാന പരിധിയില്ലാതെ ജീവൻരക്ഷാ മരുന്നുകൾ കാരുണ്യ ബനവലന്റ് ഫണ്ട് മുഖേന സൗജന്യമായി നൽകിവരുന്ന പദ്ധതി നിലവിലു ണ്ടോ; ഉണ്ടെങ്കിൽ എത്ര രോഗി കൾക്ക് ഈ ധനഹായം അനു വദിക്കുന്നുണ്ടെന്ന് അറിയിക്കാ മോ; | (എ) | 1624 ഹീമോഫീലിയ രോഗികൾക്ക് ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇവർക്ക് ഫോട്ടോ പതിപ്പിച്ച ഐഡന്റിറ്റി കാർഡ് അനു വദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് അനുവദിക്കുന്നതിന് ഡോക്ടർ സർട്ടിഫിക്കറ്റ്, സ്വന്തം വീടിന്റെ പശ്ചാത്തലത്തിലുള്ള കുടുംബ ഫോട്ടോ, ഫോട്ടോ പതിപ്പിച്ച അപേക്ഷാഫോറം തുടങ്ങിയ രേഖകൾ ഗുണഭോക്താക്കൾ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്ത മാക്കാമോ; | (ബി) | ഉണ്ട്. സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുന്നതിനാവ ശ്യമായ രേഖകൾ ലഭ്യമല്ലാത്ത ഏതാനും ആദ്യകാല ഗുണഭോക്താക്കളോട് രേഖകൾ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഗുണഭോക്താക്കൾ സമർപ്പി ക്കുന്ന പ്രസ്തുത രേഖകൾ കാരുണ്യ നോഡൽ ഓഫീസർ മാർ സൂക്ഷിക്കാതിരിക്കുകയും നശിപ്പിക്കുകയും ചെയ്തതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

4

| | | | |
|---|---|---|---|
| (ഡി) | നിരന്തരമായ രക്തസ്രാവവും വേദനയും അനുഭവിക്കുന്ന ഹീമോഫീലിയ രോഗബാധിതർ ഒരിക്കൽ സമർപ്പിച്ച രേഖകൾ വീണ്ടും സമർപ്പിക്കാൻ ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥരുടെ നടപടി പരിശോധിക്കുമോ; | (ഡി) | ഇത്തരത്തിൽ പരാതി ലഭിച്ചിട്ടില്ല. |
| (ഇ) | ഈ സാഹചര്യത്തിൽ 14.05.2019 -ൽ കാരുണ്യ നോഡൽ ഓഫീസർ ഇത്തരം രോഗികൾക്ക് അയച്ച കത്തിൽ ഐഡിന്റിറ്റി കാർഡുള്ള രോഗികൾക്ക് സൗജന്യ മരുന്ന വിതരണം അനുവദിക്കുന്നതല്ലായെന്ന പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം മനുഷ്യത്വ രഹിതമായ നിലപാട് സ്വീകരിച്ച ഉദ്യോഗസ്ഥരുടെ നടപടി അന്വേഷിക്കുമോ? | (ഇ) | പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ ഐ.ഡി. കാർഡ് അനുവദിച്ചിട്ടുള്ളതും, എന്നാൽ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ രേഖകൾ ലഭ്യമല്ലാതിരുന്നതുമായ ഗുണഭോക്താക്കളോട് നിശ്ചിത സമയത്തിനുള്ളിൽ രേഖകൾ ഹാജരാക്കാത്തപക്ഷം മരുന്ന് വിതരണം നിർത്തിവയ്ക്കുമെന്ന് അറിയിച്ചിരുന്നു. സോഫ്റ്റ് വെയർ ഉൾപ്പെടെയുള്ള ഓഫീസ് രേഖകൾ നാളധീകരിക്കുന്നതിനും രോഗികൾക്ക് മുടക്കം കൂടാതെ മരുന്ന് ലഭ്യമാക്കുന്നതിനും വേണ്ടി സ്വീകരിച്ച നടപടിയാണിത്. എന്നാൽ രോഗികൾക്ക് മരുന്ന് നിർത്തിവയ്ക്കാൻ നാളിതുവരെ നിർദ്ദേശം നൽകിയിട്ടില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ